നമ്പർ : C2.16327/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ,തിരുവനന്തപുരം.
തീയതി : 12/02/2018
e-mail id : swdkerala@gmail.com
Ph: 0471 2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

സർ,

വിഷയം: സാ.നീ.വകുപ്പ് - ട്രാൻസ് ജൻഡർ ക്ഷേമം - ട്രാൻസ് ജൻഡേഴ്സിനായിട്ടുള്ള ഡ്രൈവിംഗ് പരിശീലനം - അടിയന്തിരമായി പൂർത്തികരിക്കുന്നത് സംബന്ധിച്ച്.
സൂചന : സ.ഉ. (സാധാ) നം.396/2017/ സാ.നീ.വ - തീയതി 21/06/2017.

മേൽ സൂചന സർക്കാർ ഉത്തരവ് പ്രകാരം ട്രാൻസ് ജൻഡർമാർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനായി 5,95,000/- രൂപ അനുവദിക്കുകയും ആയത് ജില്ലകൾക്ക് കൈമാറുകയും ചെയ്തിരുന്നു. നിലവിൽ ജില്ലാ ട്രാൻസ്ജൻഡർ ജസ്റ്റിസ് ബോർഡുകൾ രൂപീകരിക്കുകയും ജില്ലാ തലത്തിൽ ട്രാൻസ് ജൻഡേഴ്സിനുള്ള തിരിച്ചറിയൽ കാർഡുകൾ (സർക്കാർ എബ്ലം ഒഴിവാക്കി) വിതരണം ചെയ്യാൻ തീരുമാനമാകുകയും ചെയ്ത സാഹചര്യത്തിൽ അടിയന്തിരമായി തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യേണ്ടതും ജില്ലാ ട്രാൻസ്ജൻഡർ ജസ്റ്റിസ് ബോർഡിന്റെ അംഗീകാരത്തോടെ പരിശീലനാർത്ഥികളെ തെരഞ്ഞെടുത്ത് പദ്ധതി പൂർത്തികരിക്കേണ്ടതുമാണ്. ഇതിനായി തിരെഞ്ഞെടുക്കുന്ന പരിശീലനാർത്ഥികളുടെ ലിസ്റ്റ് അംഗീകാരത്തിനായി ഈ കാര്യാലയത്തിലേക്ക് അയക്കേണ്ടതില്ല. പരിശീലനാർത്ഥികളെ കണ്ടെത്തുന്നതിനായി ബന്ധപ്പെട്ട കമ്മ്യൂണിറ്റി ബേയ്സ്ഡ് ഓർഗനൈസേഷൻസിന്റെ സേവനം ആവശ്യമെങ്കിൽ പ്രയോജനപ്പെടു-ത്തേണ്ടതാണ്. ട്രാൻസ്ജൻഡേഴ്സിനുള്ള ഡ്രൈവിംഗ് പരിശീലനം 2018 ഫെബ്രുവരി 20- ാം തീയതിയോടെ ആരംഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ സാ.നീ.ഓഫീസിലെ സീനിയർ

സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതും ആയത് ജില്ലാ സാ.നീ.ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിൽ വീഴ്ച്ച സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരിശീലനത്തിനായി തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ അംഗീകാരമുള്ളവയായിരിക്കേണ്ടതും ഇതു സംബന്ധിച്ച നടപടികൾ സ്റ്റോഴ്സ് പർച്ചേസ് മാനുവലിന് അനുസൃതമായിരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് 2018 ഫെബ്രുവരി 21- ാം തീയതിയിലെ വീഡിയോ കോൺഫറൻസിൽ കൊണ്ടുവരേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി